# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെപേര് | : ഗവ.യുപിസ്കൂൾ നുച്യാട് |
| വിലാസം | : നുച്യാട് (പി ഒ) |
| | ഉളിക്കൽ (വഴി) |
| | കണ്ണൂർ - 670705 |
| സ്കൂൾ കോഡ് | : 13446 |
| വിദ്യാഭ്യാസ ഉപജില്ല | : ഇരിക്കൂർ |
| വിദ്യാഭ്യാസ ജില്ല | : തളിപ്പറമ്പ് |
| റവന്യൂ ജില്ല | :കണ്ണൂർ |
| ബി ആർ സി | : ഇരിക്കൂർ |
| സി ആർ സി | : ഉളിക്കൽ |
| ഗ്രാമ പഞ്ചായത്ത് | : ഉളിക്കൽ (വാർഡ് 17 ) |
| ബ്ലോക്ക് പഞ്ചായത്ത് | : ഇരിക്കൂർ (നുച്യാട്ഡിവിഷൻ ) |
| ജില്ലാ പഞ്ചായത്ത് | : കണ്ണൂർ (പയ്യാവൂർ ഡിവിഷൻ ) |
| നിയമസഭാ മണ്ഡലം | : ഇരിക്കൂർ |
| ലോക്സഭാ മണ്ഡലം | : കണ്ണൂർ |
| താലൂക്ക് | :ഇരിട്ടി |
| വില്ലേജ് | : നുച്യാട് |
| Emai: id | : nuchiyadgups@gmail.com |

# ആമുഖം

ഈ നാടിന്‌റെ ചരിത്രത്തോടൊപ്പം സഞ്ചരിച്ച് അനേകായിരങ്ങളെ അറിവിന്‌റെ ലോകത്തേക്ക് കൈപിടിച്ചുയർത്തിയ, നാടിന്‌റെ തിലക കുറിയായി മാറിയ ഈ വിദ്യാലയം ധാരാളം പ്രതിസന്ധികളെ തരണം ചെയ്തു. ത്യാഗസന്നദ്ധരായ ഒരു പറ്റം ആളുകളുടെ പ്രയത്നത്താലും പരിശ്രമത്താലും ഇന്നത്തെ നിലയിലെത്തി. 2025-26 അധ്യയന വർഷത്തിൽ നുച്യാട് ഗവൺമെന്‌റ് യു പി സ്കൂളിലെ എൽ കെ ജി മുതൽ ഏഴ് വരെയുള്ള മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും, തുല്യതയും ഗുണനിലവാരം ഉള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തിയാക്കുന്നതിന് വേണ്ടി തയ്യാറാക്കിയ കർമ പദ്ധതിയുടെ രൂപരേഖയാണിത്.

ഭാഷാ പഠനം ( മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബിക്) ശാസ്ത്രം, ഗണിതം,സാമൂഹ്യശാസ്ത്രം, കലാ-കായിക-തൊഴിൽ വിദ്യാഭ്യാസം, കാർഷിക- പരിസ്ഥിതി കൂട്ടായ്മകളുടെ വികാസം, ജീവകാരുണ്യം, അച്ചടക്കം, സാമൂഹ്യ നൻമ എന്നീ മേഖലകളിൽ ഉൾപ്പെടുത്തി ക്ലാസ്സ് റൂമിനകത്തും പുറത്തുമായി നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. രക്ഷിതാക്കളുടെ സജീവ പിന്തുണ ഉറപ്പാക്കുന്ന തരത്തിലാണ് ഈ കർമപദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. താൽപര്യം വളർത്തുക, സർഗാത്മക കഴിവുകൾ വികസിപ്പിക്കുക, പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു. സമഗ്ര ഗുണ മേൻമ വിദ്യാഭ്യാസം എന്ന മഹത്തായ ആശയം ആർജ്ജിക്കുന്നതിന് ആവശ്യമായ പഠന തന്ത്രങ്ങൾ രൂപകൽപ്പന ചെയ്തിട്ടുണ്ട്. നാം ഒന്നിച്ച് ഈ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചാൽ വലിയ മുന്നേറ്റങ്ങൾ സൃഷ്ടിക്കാമെന്ന്പ്രത്യാശിക്കുന്നു.

★★★★★★★★

# <u>വരിയും നിരയും</u>

<u>ലക്ഷ്യം</u>

അറിവും കഴിവും അച്ചടക്കവും ഉറപ്പാക്കുന്ന മെച്ചപ്പെട്ട അസംബ്ലി സംഘടിപ്പിക്കൽ.

<u>പ്രവർത്തനങ്ങൾ</u>

മലയാളം,ഇംഗ്ലീഷ്,ഹിന്ദി, അറബിക് എന്നിങ്ങനെ വിവിധ ഭാഷകളിൽ അസംബ്ലി സംഘടിപ്പിക്കുന്നു.

ക്ലസ്സ് അടിസ്ഥാനത്തിൽ അസംബ്ലി നടപ്പിലാക്കുന്നു.

മികച്ച പഠന ഉല്പന്നങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.

# <u>വയലോരം</u>

<u>ലക്ഷ്യം</u>

കൃഷി അനുഭവവേദ്യമാക്കി കൊണ്ടുള്ള പഠനം

<u>പ്രവർത്തനങ്ങൾ</u>

സ്കൂൾ പരിസരത്ത് കര നെൽകൃഷി ഒരുക്കുന്നു.

നെൽകൃഷിയുടെ വിവിധ ഘട്ടങ്ങൾ തിരിച്ചറിഞ്ഞ് പഠനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നു.

പച്ചക്കറി കൃഷി നടപ്പിലാക്കുന്നു. വിത്തു മുളക്കൽ, വേരുപടലങ്ങൾ, ഇലകളുടെ വിന്യാസം എന്നിവ നിരീക്ഷിച്ച് മനസിലാക്കുന്നു.

ഇഞ്ചി, മഞ്ഞൾ,തുടങ്ങിയവകൃഷിയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് നടപ്പാക്കുന്നു.

# English

**AIM**

To speak, read and write English without any mistakes.

| **Aim** | **Activities** | **Month** |
|---|---|---|
| Skills | .To Devolve listening skills and reading skills.<br><br>. Description, growing sentences, picture reading riddles, quiz. | June |
| Reading skills | . Reading breaking news.<br><br>. Find words from reading materials .<br><br>. Rhyming words<br><br>. Describing words from textbook activities. | July<br><br><br><br>July<br><br>August |
| Writing skills | . Make word web<br><br>. Picture description | September<br><br>October |
| Writing skills | . Word chain<br><br>. Make Word Web<br><br>.Story telling<br><br>. Riddles<br><br>. Conversation | November<br><br>December<br><br>January<br><br>February<br><br>March |

| | | |
|---|---|---|

# മലയാളം

## ക്ലാസ്സ് 1

## ആമുഖം

ഗവൺമെന്റ് എൽപി സ്കൂളിൽ 2024 25 സാധ്യായ വർഷം 15 കുട്ടികൾ ഒന്നാം ക്ലാസിൽ പഠിക്കുന്നു. ഒന്നിൽ പ്രവേശിക്കപ്പെട്ട എല്ലാ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിത പരിപാടികൾ ആവശ്യമാണ്. പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാ  പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ ഒന്നാംക്ലാസിലും അക്കാദമി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## വാർഷിക ലക്ഷ്യങ്ങൾ

1. ചെറു സദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ,പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.

2. ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞു മറ്റു രീതികളിലും പങ്കിടാനുമുള്ള കഴിവു നേടുക.

3. ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയ വ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക .

4. ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം, എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.

5. ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.

6. ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക.

7. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.

8. ഓരോ കുട്ടിയുടെയും പഠനത്തെളിവുകൾ അടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക.

വാർഷിക ലക്ഷ്യങ്ങളിലേക്ക് നയിക്കുന്നതിന് പ്രതിമാസ ലക്ഷ്യങ്ങൾ അനിവാര്യമാണ്.

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1 | പാട്ടരങ്ങ് | ഓരോ ടെർമിലും ഒന്ന് |
| 2 | ക്ലാസ് പിടിഎ ശക്തമാക്കൽ | ജൂൺ |
| 3 | മലയാള മധുരം | ജൂൺ മുതൽ |
| 4 | സമഗ്ര വിലയിരുത്തലും പഠന പുരോഗതിയും | ജൂൺ മുതൽ |
| 5 | സംയുക്ത ഡയറി | ജൂലൈ |
| 6 | നിർമ്മാണ ശില്പശാല | ജൂലൈ അവസാനം |
| 7 | രചനോത്സവം | സെപ്റ്റംബർ |
| 8 | നാട്ടുവിശേഷം കൂട്ടെഴുത്ത് | ഒക്ടോബർ |
| 9 | കൂട്ടെഴുത്ത് പത്രം | ഒക്ടോബർ |
| 10 | വരയുത്സവം | നവംബർ |
| 11 | റീഡേഴ്സ് തിയേറ്റർ | ഡിസംബർ |
| 12 | സചിത്ര കഥാ രചന | ഡിസംബർ |
| 13 | അരങ്ങ് | ജനുവരി |
| 14 | ശാസ്ത്രോത്സവം | ഫെബ്രുവരി |
| 15 | പഠനോത്സവം | മാർച്ച് |

# ഗണിതം

**ക്ലാസ് - 1**

## ലക്ഷ്യങ്ങൾ

1. ഒന്നു മുതൽ 100 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു, എഴുതുന്നു.

2. ഒന്നു മുതൽ 20 വരെയുള്ള സംഖ്യകളുടെ എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.

3. ഒന്നു മുതൽ 100 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** |
| --- | --- | --- |
| സംഖ്യാബോധം | . സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം.<br>. സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.<br>. സംഖ്യാ കാർഡ് നിർമിക്കാൻ | ജൂൺ |
| ഗണിത കിറ്റ് | . ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു. | ജൂലൈ |
| വലിയ സംഖ്യ<br>ചെറിയ സംഖ്യ | . ഒന്നു മുതൽ 100 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ.<br>. വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം. | ആഗസ്റ്റ് |

| | | |
|---|---|---|
| സങ്കലന ക്രിയകൾ | .സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ<br><br>. രണ്ടക്കസംഖ്യകൾ തമ്മിൽ സങ്കലന പ്രക്രിയകൾ നടത്തൽ. | സെപ്റ്റംബർ |
| ഒറ്റ സംഖ്യകൾ<br><br>ഇരട്ട സംഖ്യകൾ | .ഒറ്റ സംഖ്യകൾ ഇരട്ടസംഖ്യകൾ തിരിച്ചറിയൽ.<br><br>. ഒന്നടവിട്ട് സംഖ്യകൾ ഒറ്റ സംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ. | ഒക്ടോബർ |
| സംഖ്യാ ഗാനങ്ങൾ | . സംഖ്യാ ഗാനങ്ങൾ പാടുന്നു<br><br>. ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നു. | നവംബർ |
| വർക്ക് ഷീറ്റ് | മൈ നമ്പർ ബുക്ക് തയ്യാറാക്കൽ | ഡിസംബർ |
| വ്യവകലന പ്രവർത്തനങ്ങൾ | . ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും എന്തൊക്കെ സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ. | ജനുവരി |
| ചിഹ്നങ്ങൾ<br><br>തിരിച്ചറിയൽ<br><br>ഗണിത കിറ്റ് | . സങ്കലനം വികലനം (+,-)എന്നീ ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു.<br><br>. ഗണിതം കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു.<br><br>. സംഖ്യകളുടെ പകുതി,തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിത കിറ്റിലൂടെ സാധ്യമാക്കൽ. | ഫെബ്രുവരി<br><br>മാർച്ച് |

# English

**AIM**

To speak, read and write English without any mistakes.

| **Aim** | **Activities** | **Month** |
| --- | --- | --- |
| Skills | .To Devolve listening skills and reading skills.<br><br>. Description, growing sentences, picture reading riddles, quiz. | June |
| Reading skills | . Reading breaking news.<br><br>. Find words from reading materials .<br><br>. Rhyming words<br><br>. Describing words from textbook activities. | July<br><br><br><br>July<br><br>August |
| Writing skills | . Make word web<br><br>. Picture description | September<br><br>October |
| Writing skills | . Word chain<br><br>. Make Word Web<br><br>.Story telling<br><br>. Riddles<br><br>. Conversation | November<br><br>December<br><br>January<br><br>February<br><br>March |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## UP ഇംഗ്ലീഷ്

| AIM | PROCESS | MONTH | IN CHARGE |
|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനുംഅനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear** - ലളിതമായ ഇംഗ്ലീഷ് ഭാഷ കേൾപ്പിക്കുന്നു. Follow me - ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്ക്അനുസരിച്ച് പ്രവർത്തിക്കാനുള്ളപ്രചോദനം നൽകുന്നു. Fun time - ഫലിതങ്ങൾ, കടങ്കഥകൾ മുതലായവ തയ്യാറാക്കി പങ്കിടാനുള്ള അവസരം നൽകുന്നു. | ജൂൺ<br><br>ജൂലൈ | ഭാഷാ അധ്യാപകൻ |
| വായനയിൽ ആവശ്യമായ ശ്രദ്ധയെ കുറിച്ച് കൂടുതൽ ധാരണഉണ്ടാക്കുന്നു. | Run baby run -ചാർട്ടിൽപ്രദർശിപ്പിക്കുന്ന വാക്കുക ഒരു തവണ വായിച്ച ശേഷം ഓർമിച്ച് തെറ്റു കൂടാതെ എഴുതുവാനുള്ളപ്രവർത്തനംനൽകുന്നു. Story time - ഇംഗ്ലീഷ് കോർണറിൽ ലഭിക്കുന്ന ചെറു പുസ്തകങ്ങൾ വായിക്കുന്നു. ചിത്രവായന,ചെറു കഥ നിർമാണം,എന്നിവ പ്രോത്സാഹിപ്പിക്കുന്നു. Read out loud - വായന മത്സരം സംഘടിപ്പിക്കുന്നു. ഇംഗ്ലീഷ്പ്രസംഗ മത്സരങ്ങൾ വിവിധ വിഷയങ്ങളിൽ | ആഗസ്റ്റ് | ഭാഷാ അധ്യാപകൻ |

| | | | |
|---|---|---|---|
| | നടത്തുന്നു. | | |
| **Improve writing skill** | <u>Tense -</u>വ്യത്യസ്ത കാലങ്ങളിൽ വ്യത്യസ്ത രീതിയിൽ ഭാഷ ഉപയോഗിക്കുന്നു.<br>**Conversation**<br>**word chain**<br>**word Web**<br>**writing descriptions** | സെപ്റ്റംബർ<br><br>ഒക്ടോബർ | ഭാഷാ അധ്യാപകൻ |
| **Identify Language elements** | **<u>prepositions – in, on, with, from, to, al etc. split sentences and combine them. Write poem, descriptions read and recite</u>** | നവംബർ | ഭാഷാ അധ്യാപകൻ |
| **Help Students adapt to the switch of medium of instructions.** | **using sentences mixed with first language in language class.**<br>**Games - children themselves indulge in active inter language skills by developing simple conversations and discussions.**<br>**Optimizing the use of English in daily communication. They use English with their peers and teachers** | ഡിസംബർ<br>ജനുവരി<br><br>ഫെബ്രുവരി<br>മാർച്ച് | ഭാഷാ അധ്യാപകൻ |

| | | | | |
|---|---|---|---|---|
| **3** | **ആശയങ്ങൾതെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾവികസിപ്പിക്കാനുമുള്ള അവസരം.**<br>(സുരീലിഹിന്ദി) | • ഹിന്ദിഅസംബ്ളി<br>• ദിനാചരണങ്ങൾ(പ്രത്യേകിച്ച്സെപ്റ്റംബർ14, ജനുവരി10)<br>• ക്ലാസ്ലൈബ്രറി<br>• അധികവായനസാമഗ്രികൾ<br>• ചിത്രസഹായത്തോടെചിത്രകഥതയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥപറയൽ<br>• ചിത്രം-കഥഎഴുതൽ<br>• കഥബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ളബ്ബ്പ്രവർത്തനങ്ങൾ | November to February. | ഹിന്ദിഅധ്യാപകർ |

മലയാളം ക്ലസ്സ് 3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികവിതകൾ ,നാടൻപാട്ടുകൾ, എന്നിവയ്ക്ക് വ രികൾ കൂട്ടിച്ചേർക്കുന്നു ഈണം കണ്ടെത്തുന്നു | പാട്ടുകൾ കുട്ടികവിതകൾ വായ്ത്താരികൾ എന്നിവ ശേഖരിക്കുന്നു<br>വരികൾ കൂട്ടിച്ചേർക്കുന്നു<br>.ബാലസഭയിൽ അവതരിപ്പിക്കുന്നു<br>ഈണം കണ്ടെത്തി അവതരിപ്പിക്കുന്നു . | ജൂൺ ജൂലൈ | ക്ലാസധ്യാപകർ |
| പഴഞ്ചൊല്ലുകൾ ,ശൈലികൾ കടംകഥകൾ എന്നിവയ്ക്ക് ഭാഷയിലുള്ള പ്രാധാന്യം മനസിലാക്കുന്നു ,<br>വ്യത്യസ്ത അവസരങ്ങളിൽ അവ പ്രയോഗിക്കുന്നു | പഴഞ്ചൊല്ലുകൾ ,ശൈലികൾ കടംകഥകൾ എന്നിവശേഖരിക്കൽ ,<br>പതിപ്പ് തയ്യാറാക്കുന്നു<br>കടംകഥ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. , | ഓഗസ്റ്റ് -സെപ്റ്റംബർ | ക്ലാസധ്യാപകർ |
| അനുയോജ്യമായ ഭാവം ,ഒഴുക്ക് അർത്ഥം പ്രകടമാക്കുന്ന ഊന്നലുകൾ എന്നിവയോടെ വായിച്ചവതരിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നു . | ലൈബ്രറിയുടെ ഉപയോഗം<br>ഡിജിറ്റൽ സാമഗ്രികളുടെ ഉപയോഗം<br>പിറന്നാളിനൊരു പുസ്തകം<br>വ്യത്യസ്ത നിലവാരക്കാർക്കുള്ള വായനക്കാർഡുകൾ തയ്യാറാക്കൽ<br>പത്രവാർത്ത വായന ,വായന മത്സരങ്ങൾ<br>രക്ഷിതാക്കൾക്കുള്ള വായനാമത്സരങ്ങൾ . | ജൂൺ -മാർച്ച് | ക്ലാസധ്യാപകർ<br>SRG<br>രക്ഷിതാക്കൾ |
| സർഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | സർഗാത്മക രചനകൾ ചിത്രങ്ങൾ ,ഡയറികുറിപ്പുകൾ എന്നിവ എഴുതിയും വരച്ചും അവതരിപ്പിക്കൽ | ജൂൺ -മാർച്ച് | ക്ലാസധ്യാപകർ<br><br>രക്ഷിതാക്കൾ |

# ഗണിതം

## ക്ലാസ് രണ്ട്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| നൂറു വരെയുള്ള സംഖ്യാ ബോധം വളർത്തൽ | ഗണിത കിറ്റ്, ഗണിത മൂല ഒരുക്കൽ,വീട്ടിലും സ്കൂളിലും ഉല്ലാസഗണിത പ്രവർത്തനങ്ങൾ,കളികൾ,ശില്പശാല പഠനോപകരണ നിർമ്മാണം,രക്ഷിതാക്കളുടെ സഹായത്തോടെ വീട്ടിൽനിന്നുള്ള തുടർ പ്രവർത്തനങ്ങൾ, സി പി ടി എ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്റ്റംബർ | അധ്യാപകർ<br>രക്ഷിതാക്കൾ |
| സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി വളർത്തുന്നു.<br>സംഘടന വ്യവകലന ക്രിയകൾ ചെയ്യാൻ പ്രാപ്തരാക്കുന്നു. | ഉല്ലാസ ഗണിതത്തിലെ പ്രവർത്തനങ്ങൾ ക്ലാസ് മുറിയിലും വീട്ടിലും ചെയ്യുന്നു. രക്ഷിതാക്കളുടെ സഹകരണം ഉറപ്പുവരുത്തുന്നു. ക്ലാസ് പിടിഎ. | ഒക്ടോബർ<br>നവംബർ | അധ്യാപകർ<br>രക്ഷിതാക്കൾ |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയാം. | ഗണിത ചാർത്തുകൾ ഒരുക്കൽ,ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | അധ്യാപകർ<br>രക്ഷിതാക്കൾ |

# <u>വിജയ വീഥി പദ്ധതി 2025 – 26</u>

ലേണിംഗ് എൻ ഹാൻസ്മെന്റ് പ്രോഗ്രാമിന്റെ (LEP) ഭാഗമായി നടപ്പിലാക്കുന്ന ഹെൽപ്പിംഗ് ഹാന്റ് എന്നകർമപദ്ധതി. പിന്നോക്കം നിൽക്കുന്ന കുട്ടികളെ വിജയപാതയിൽ എത്തിക്കുന്നതിനായി നൂതന തന്ത്രങ്ങളിലൂടെയുള്ള പഠന പ്രവർത്തനങ്ങൾ. പ്രീടെസ്റ്റിലൂടെ ഈ പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പഠനപിന്തുണനൽകി മുന്നേറാൻ സഹായിക്കുന്ന പഠന പരിപോഷണ പദ്ധതി.

അക്ഷരച്ചെപ്പ് :അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ.

പദ കേളി :വാക്കുകളുടെ അർത്ഥം മനസിലാക്കിപ്രയോഗിക്കൽ.

വാമൊഴി വരമൊഴി : വാക്യരൂപീകരണം.

വരയും കുറിയും : വായനാ കാർഡ് നിർമാണം.

മൊഴി മുത്തുകൾ :പതിപ്പ് നിർമാണം.

## <u>അക്ഷരച്ചെപ്പ്</u>

<u>ലക്ഷ്യം</u>

അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ

<u>പ്രവർത്തനങ്ങൾ</u>

കുട്ടി പരിസരങ്ങളിൽ കണ്ട വസ്തുക്കളുടെ പേര് പറയിപ്പിക്കുക.

വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നു.

കളിയിലൂടെയും പാട്ടിലൂടെയും അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

കുത്തുകളിലൂടെ അക്ഷരങ്ങൾ പൂർത്തിയാക്കുന്നപ്രവർത്തനം.

സ്വയം അക്ഷരങ്ങൾ എഴുതുന്നു.

## <u>പദ കേളി</u>

ലക്ഷ്യം

വാക്കുകളുടെ അർത്ഥം മനസിലാക്കിപ്രയോഗിക്കൽ.

പ്രവർത്തനങ്ങൾ

അക്ഷരങ്ങൾ ചേർത്ത് ചെറിയ വാക്കുകൾ നിർമിക്കുന്നു.

നിത്യജീവിതത്തിലെ സന്ദർഭങ്ങൾ, വാക്കുകൾ പറയിക്കുന്നു എഴുതുന്നു.

ചിത്രം വരയ്ക്കാം നിറം നൽകാം പേര് കൊടുക്കാം

സ്വയം പരിചയപ്പെടുത്തുന്നു.( ഞാൻ എന്നെ കുറിച്ച് )

പദസൂര്യൻ പൂർത്തിയാക്കുന്നവർക്ക്ഷീറ്റുകൾ.

പദപ്രശ്നം പൂർത്തിയാക്കുന്നു.

## വാമൊഴി വരമൊഴി

ലക്ഷ്യം

അർത്ഥപൂർണമായ വാക്യങ്ങൾ നിർമിക്കൽ.

പ്രവർത്തനങ്ങൾ

- നിത്യജീവിത സന്ദർഭങ്ങൾ പറയിക്കുന്നു.
- വാക്യങ്ങൾ പരിചയപ്പെടുത്തുന്നവർക്ക് ഷീറ്റുകൾ.
- വർക്ക് ഷീറ്റിലെ വാക്കുകൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണമായ വാക്യങ്ങൾ നിർമിക്കുന്നു.

## വരയും കുറിയും

ലക്ഷ്യം

വായനയും എഴുത്തും

പ്രവർത്തനങ്ങൾ

ചെറിയ സന്ദർഭങ്ങൾ നൽകി കുറിപ്പുകൾ തയ്യാറാക്കുന്നു.

വായനാ കാർഡ് പരിചയപ്പെടുത്തുന്നു.

വായനാ കാർഡ് നിർമിക്കുന്നു.

# മൊഴി മുത്തുകൾ

ലക്ഷ്യം

സ്വയം രചനകളിൽ ഏർപ്പെടുക.

പ്രവർത്തനങ്ങൾ

കുട്ടി കഥകൾ, കവിതകൾ പറയുക.

വായനാ കാർഡുകൾ, ചെറിയ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു.

സന്ദർഭങ്ങൾ, ചിത്രങ്ങൾ സൂചനകൾ മുതലായവ നൽകി കുഞ്ഞി കഥകളും, കവിതകളുംകുറിപ്പുകളും തയ്യാറാക്കുന്നു.

കടങ്കഥകൾ കണ്ടെത്തി എഴുതുന്നു.

പുസ്തകങ്ങൾ വായിച്ച് ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നു.

രചനകൾ ചേർത്ത് പതിപ്പ് നിർമിക്കുന്നു.

# ENGLISH
# CLASS 2

| Aim | Activities | Duration | Responsibility |
|---|---|---|---|
| To speak, read and write English without any mistake | Pretest, develop listening skills and reading skills first - PTA | June<br>July<br>August | Teachers |
| | **<u>Listening skills</u>**<br><br>games, action song, hello English activates,conversation,<br>skit, stories and use ICT | | Teachers |
| | **<u>Speaking skills</u>**<br><br>Descriptions, growing sentences, picture and reading, picture descriptionself-introduction, assembly activities speech, book review, riddles book reading | | Teachers |

# പരിസര പഠനം

ക്ലാസ്സ് - 1

## ലക്ഷ്യങ്ങൾ

. ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.

. വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ,ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ )കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

. സസ്യങ്ങൾക്ക് വേര്,തണ്ട്, ഇല, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു.

. പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം,പ്രയോജനം, ചെറുത്,വലുത്) പട്ടികപ്പെടുത്തുന്നു.

.നിറം, രുചി, ആകൃതി, മണം, വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.

. പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണ് എന്ന് മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| . ചെടികൾ നിരീക്ഷിച്ചു പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ. | . പ്രകൃതി നടത്തം<br>. ചുറ്റുപാടുമുള്ള മരങ്ങൾ ചെടികൾ നിരീക്ഷിക്കുന്നു.<br>. പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു. | . ജൂൺ<br>. ജൂലൈ<br>. ആഗസ്റ്റ് |
| . ചെടികൾക്ക് വേര്, തണ്ട്,ഇല, പൂവ്,കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു | . സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു<br>. പൂന്തോട്ടത്തിൽ നിന്നും ചെടികളെ നിരീക്ഷിച്ചു അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. | . സെപ്റ്റംബർ<br>. ഒക്ടോബർ<br>. നവംബർ |

| | | |
|---|---|---|
| . ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. | . പഴങ്ങൾ<br><br>. പച്ചക്കറികൾ<br><br>. കിഴങ്ങുകൾ<br><br>. പൂക്കൾ<br><br>എന്നിവ കൊണ്ടുവരുന്നു.<br><br>. ഓരോന്നിന്റെയും ഏതു ഭാഗമാണ് ഭക്ഷണയോഗ്യമായത് എന്ന് കണ്ടെത്തുന്നു. | . ഡിസംബർ |
| .അടുക്കളത്തോട്ട നിർമ്മാണം | . രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു. | . ജനുവരി<br><br>. ഫെബ്രുവരി<br><br>. മാർച്ച് |

# വിദ്യാലയ ചരിത്രം

1921 ൽ ഒരു ഏകാധ്യാപക വിദ്യാലയമായി തുടക്കം. പഴയ പടിയൂർ കല്യാട്പഞ്ചായത്ത്,ഇന്നത്തെഉളിക്കൽ പഞ്ചായത്ത്, തൊട്ടടുത്ത ഇരിട്ടി ഉപജില്ലയുടെ ഈപ്രദേശത്തോട് അടുത്തു കിടക്കുന്ന സ്ഥലങ്ങൾ എന്നിങ്ങനെപ്രദേശപരമായി പരിശോധിച്ചാൽ ആദ്യ വിദ്യാലയം. അന്ന് ഈപ്രദേശക്കാരനായിരുന്നശ്രീകുറ്റ്യാട്ടു കുഞ്ഞമ്പു നമ്പ്യാർ തന്റെ മക്കളുടെ വിദ്യാഭ്യാസ സൗകര്യത്തിനായി സ്വന്തം സ്ഥലത്ത് ഷെഡ് കെട്ടിപ്രവർത്തനമാരംഭിച്ചു. ഘട്ടം ഘട്ടമായി എൽ പി സ്കൂളായി മാറി. വർഷങ്ങൾ കഴിഞ്ഞ് മലബാർ ഡിസ്ട്രിക്ട് ബോർഡ് നിലവിൽ വന്നതോടെ സർക്കാർ ഏറ്റെടുക്കുകയും യു പി സ്കൂളായി അപ്ഗ്രേഡ് ചെയ്യുകയുമുണ്ടായി.അപ്പോഴും കെട്ടിട ഉടമ എഴുതി കൊടുത്ത കരാർപ്രകാരം വാടക കെട്ടിടത്തിലാണ്പ്രവർത്തനം നടന്നത്.അക്കാലത്ത് തേർമല, പരിക്കളം, മുണ്ടാനൂർ,അമേരിക്കൻ പാറ, കോട്ടപ്പാറ, മണിപ്പാറ, പെരുമ്പള്ളി, മണിക്കടവ്, വാതിൽമടതുടങ്ങിയപ്രദേശത്തു നിന്നുള്ളകുട്ടികൾ ഇവിടെയാണ് പഠിച്ചത്. 1000-ൽ അധികം വരുന്ന കുട്ടികൾ,എന്നാൽ കുട്ടികൾക്ക് ഇരുന്ന് പഠിക്കുവാനുള്ള കെട്ടിടങ്ങളില്ല. ഉള്ളവ തന്നെ ജീർണിച്ചവ. കുടിവെള്ള സൗകര്യമോ മൂത്രപുരകളോ ഇല്ല. ഈ പരിമിതികളൊക്കെ അതിജീവിച്ച് സ്കൂളിനെ മുന്നോട്ടു കൊണ്ടുപോയത് അക്കാലത്തെ രക്ഷിതാക്കളുടെയും നാട്ടുകാരുടെയും അവസരോചിതമായ ഇടപെടലുകളുടെയും ത്യാഗപൂർണമായ (പ്രവർത്തനങ്ങളുടെയും ഫലമായിട്ടാണ്.

കാലക്രമേണ സമീപപ്രദേശങ്ങളിൽ വിദ്യാലയങ്ങൾ ആരംഭിച്ചതോടെ കുട്ടികളുടെ എണ്ണം കുറയുവാൻതുടങ്ങി.എന്നിട്ടും ഏകദേശം എല്ലാ ക്ലാസ്സുകളിലും രണ്ടു വീതം ഡിവിഷനുകളും 400 നും 500 നും ഇടയിൽ കുട്ടികളും ഉണ്ടായിരുന്നു.എന്നാൽ കെട്ടിട ഉടമയാതൊരു അറ്റകുറ്റ പണികളും ചെയ്യാതിരിക്കുകയും ഏത് നിമിഷവുംഇടിഞ്ഞ് വീഴാവുന്ന ഒരു അവസ്ഥയിലേക്ക്

സ്ഥാപനം എത്തിച്ചേർന്നപ്പോൾ അന്നത്തെ പിടി എകമ്മിറ്റിയും ഭാരവാഹികളും ചേർന്ന് വ്യത്യസ്ത ആശയഗതിക്കാരുംഅഭിപ്രായക്കാരുമായ നാട്ടുകാരെ യോജിപ്പിച്ചു കൊണ്ട് നടത്തിയബോധപൂർവമായ നീക്കത്തിന്റെ ഫലമായി ഒരുകൂട്ടായ്മ രൂപപ്പെടുകയും അതിന്റെ നേതൃത്വത്തിൽ നടത്തിയപ്രവർത്തന ഫലമായി 2003 - 04 കാലഘട്ടത്തിൽനാട്ടുകാരുടെകൂടി സഹായത്തോടെ ഇന്ന് സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം ( ആദ്യഘട്ടം 50 സെന്റ്,പിന്നീട്25 സെന്റ് ) 75 സെന്റ് സ്കൂളിന് സ്വന്തമായി വാങ്ങി ഗവൺമെന്റിന് സമർപ്പിക്കുകയായിരുന്നു. അന്നത്തെ കാലത്തെ ഒരു മാതൃകാ പ്രവർത്തനമായി വിലയിരുത്താം. തുടർന്ന് സ്കൂൾ പുരോ7ഗതിയുടെ പടവുകൾ കയറുകയായിരുന്നു.

2023 ൽ സ്ഥലം എടുത്തഉടൻഎസ് എസ് എ 3 ക്ലാസ് മുറികൾക്ക് ഫണ്ട് അനുവദിച്ചു. ദ്രുതഗതിയിൽ പണി പൂർത്തിയാക്കി. പിന്നെ ശ്രീ എ പി അബ്ദുള്ളക്കുട്ടിയുടെ എംപി ഫണ്ടിൽ നിന്നും രണ്ട് ക്ലാസ് മുറികൾ കൂടി അനുവദിച്ച് കിട്ടി. 2004 ജൂൺ മാസം പഴയ സ്കൂളിൽ നിന്നും 1,2,3 ക്ലാസുകൾ പണി പൂർത്തികരിച്ച ആദ്യത്തെ കെട്ടിടത്തിലേക്ക് താൽക്കാലികമായി മാറ്റി. തുടർന്ന് 2004 ൽതന്നെ എസ് എസ് എ 5 ക്ലാസ് മുറികൾക്കുള്ള ഫണ്ട് അനുവദിച്ചു. അതിനെയും പണി പൂർത്തികരിച്ചു. അങ്ങനെ 2005 ജൂലൈ 1 വെള്ളിയാഴ്ച അന്നത്തെ പൊതുമരാമത്ത് വകുപ്പ് മന്ത്രി ശ്രീ എം കെ മുനീർ സ്കൂൾ പൂർണ്ണമായും സ്വന്തം സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം നിർവഹിച്ചു.

2005 മുതൽ ഏകദേശം 2013 വരെ കുട്ടികളുടെ എണ്ണം 300 നും 350 നും ഇടയിൽ ഏറിയും കുറഞ്ഞു നിലനിന്നു. 2014 ആകുമ്പോഴേക്കും കുട്ടികളുടെ എണ്ണം നന്നായി കുറയുന്ന ഒരു അവസ്ഥയിൽ എത്തിച്ചേരുന്ന സ്ഥിതിയുണ്ടായി. ഇത് എസ് ആർ ജിയും പിടിഎയും ചർച്ച ചെയ്തു. കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വിവിധ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു. 2015 മുതൽ സ്കൂളിന്റെ ഭാഗമായി പിടിഎയുടെ നേതൃത്വത്തിൽ പ്രീ പ്രൈമറി ആരംഭിച്ചു. ഇതിന്റെ

ഫലമായി തുടർന്ന് മൂന്നു വർഷമായി കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായി. ഇപ്പോൾ പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ മുന്നൂറിന് അടുത്ത് പഠിതാക്കൾ ഉണ്ട്.

ശ്രീ കെ വി ജോസ് ( മുൻ ഉപജില്ല ഓഫീസർ ), ശ്രീ ഷാജി മാത്യു ( കർഷകോത്തമ അവാർഡ് ഉൾപ്പെടെ കാർഷിക രംഗത്ത് ധാരാളം സംസ്ഥാന ബഹുമതികൾ കരസ്ഥമാക്കിയ കാർഷിക പ്രതിഭ ), ശ്രീ കെ വി രാമചന്ദ്രൻ ആസ്റ്റർ ( മികച്ച ചിത്രകല അധ്യാപകൻ, സംഗീത – അഭിനയ പ്രതിഭ ), ശ്രീ സജീവ് ജോസഫ് (എം എൽ എ ) തുടങ്ങി സാമൂഹ്യ - രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ സാന്നിധ്യം അറിയിച്ചവർ, സർക്കാർ മേഖലയിൽ സേവനമനുഷ്ഠിക്കുന്നവർ കാർഷിക രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവർ ഇങ്ങനെ നൂറുകണക്കിന് പേർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്. വിദ്യാലയത്തിന്റെ മികവാർന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ബെസ്റ്റ് പിടിഎ അവാർഡ് ( ജില്ലാതലം ) സ്കൂളിന് ലഭിച്ചിട്ടുണ്ട്. മാതൃഭൂമി സീഡിന്റെ മികച്ച പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹന സമ്മാനം രണ്ട് തവണ ലഭിച്ചിട്ടുണ്ട്.